218

ഭാരത സർക്കാർ

നിയമ മന്ത്രാലയം

# ഭാരതത്തിന്റെ പുനരധിവാസ സമിതി ആക്റ്റ്, 1992

(1992-ലെ 34-ാം നമ്പർ ആക്റ്റ്)

(2002 ജനുവരി 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE REHABILITATION COUNCIL OF INDIA ACT, 1992

(Act 34 of 1992)

*(As on 1st January, 2002)*

വില: 22.00 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം
ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
2003

## ആമുഖം

2002 ജനുവരി 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ഭാരതത്തിന്റെ പുനരധിവാസ സമിതി ആക്റ്റ്, 1992 (1992-ലെ 34-ാം ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ഫെബ്രുവരി 10-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം 1-ാം നമ്പരായി 27 മുതൽ 46 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. സുഭാഷ് സി. ജയിൻ,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

## PREFACE

This Edition of the Rehabilitation Council of India Act, 1992 (Act 34 of 1992) as on 1st January, 2002 contains the authoritative text of that Act, in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 1 dated 10th February, 2003 on pages 27 to 46.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. SUBHASH C. JAIN,
*Secretary to the Government of India.*

# ഭാരതത്തിന്റെ പുനരധിവാസ സമിതി ആക്റ്റ്, 1992

## (1992-ലെ 34-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

അദ്ധ്യായം I

പ്രാരംഭികം


| വകുപ്പുകൾ: | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |


അദ്ധ്യായം II

ഭാരതത്തിന്റെ പുനരധിവാസ സമിതി


| | | |
|---|---|---|
| 3. | ഭാരതത്തിന്റെ പുനരധിവാസ സമിതിയുടെ രൂപീകരണവും ഏകാംഗീകരണവും | 3 |
| 4. | ചെയർപേഴ്സൺന്റെയും അംഗങ്ങളുടെയും ഉദ്യോഗ കാലാവധി | 5 |
| 5. | അയോഗ്യതകൾ | 5 |
| 6. | അംഗങ്ങൾ ഉദ്യോഗം ഒഴിയുന്നത് | 5 |
| 7. | എക്സിക്യൂട്ടീവ് കമ്മിറ്റിയും മറ്റ് കമ്മിറ്റികളും | 6 |
| 8. | മെമ്പർ സെക്രട്ടറിയും സമിതിയുടെ ജീവനക്കാരും | 6 |
| 9. | സമിതിയിൽ ഒഴിവുകളുണ്ടെന്നുള്ളത് പ്രവർത്തനങ്ങൾ മുതലായവ അസാധുവാക്കുന്നതല്ലെന്ന് | 7 |
| 10. | പുനരധിവാസ സമിതിയുടെ പിരിച്ചുവിടലും പുനരധിവാസ സമിതിയുടെ അവകാശങ്ങളെയും ബാദ്ധ്യതകളെയും ജീവനക്കാരെയും സമിതിക്ക് കൈമാറ്റം ചെയ്യലും | 7 |


അദ്ധ്യായം III

സമിതിയുടെ ചുമതലകൾ


| | | |
|---|---|---|
| 11. | പുനരധിവാസ പ്രൊഫഷണലുകൾക്ക് ഭാരതത്തിലുള്ള യൂണിവേഴ്സിറ്റി മുതലായവ നൽകുന്ന യോഗ്യതകളുടെ അംഗീകാരം | 8 |
| 12. | ഭാരതത്തിനുവെളിയിലുള്ള സ്ഥാപനങ്ങൾ നൽകുന്ന യോഗ്യതകളുടെ അംഗീകാരം | 9 |
| 13. | പട്ടികയിൽ ഉൾപ്പെടുത്തിയ യോഗ്യതകളുള്ള ആളുകളുടെ പേര് ചേർക്കപ്പെടുവാനുള്ള അവകാശങ്ങൾ | 9 |
| 14. | പഠന കോഴ്സുകളെയും പരീക്ഷകളെയും സംബന്ധിച്ച വിവരങ്ങളാവശ്യപ്പെടാനുള്ള അധികാരം | 10 |
| 15. | പരീക്ഷാ ഇൻസ്പെക്ടർമാർ | 10 |
| 16. | പരീക്ഷാ സന്ദർശകർ | 10 |
| 17. | അംഗീകാരം പിൻവലിക്കൽ | 11 |
| 18. | വിദ്യാഭ്യാസത്തിന്റെ ഏറ്റവും കുറഞ്ഞ നിലവാരം | 12 |
| 19. | രജിസ്റ്ററിൽ പേര് ചേർക്കൽ | 12 |
| 20. | രജിസ്റ്ററിൽ പേര് ചേർക്കപ്പെട്ട ആളുകളുടെ പ്രത്യേകാവകാശങ്ങൾ | 12 |
| 21. | വൃത്തിസംബന്ധമായ പെരുമാറ്റവും രജിസ്റ്ററിൽനിന്നും പേര് നീക്കം ചെയ്യലും | 12 |
| 22. | രജിസ്റ്ററിൽനിന്നും നീക്കംചെയ്യലുത്തരവിനെതിരെ അപ്പീൽ | 13 |
| 23. | രജിസ്റ്റർ | 14 |
| 24. | സമിതി നൽകേണ്ട വിവരങ്ങളും അവയുടെ പ്രസിദ്ധീകരണവും | 14 |
| 25. | കുറ്റങ്ങൾ നടപടിക്കെടുക്കൽ | 14 |
| 26. | ഉത്തമ വിശ്വാസപൂർവ്വം എടുക്കുന്ന നടപടിക്ക് സംരക്ഷണം | 14 |
| 27. | സമിതിയിലെ ജീവനക്കാർ പബ്ലിക്ക് സെർവന്റുമാർ ആയിരിക്കുമെന്ന് | 14 |
| 28. | ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം | 15 |
| 29. | റെഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം | 15 |
| 30. | ചട്ടങ്ങളും റെഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കൽ | 16 |
| | പട്ടിക | 17 |


3/4067/2002(III)

# ഭാരതത്തിന്റെ പുനരധിവാസ സമിതി ആക്റ്റ്, 1992

## (1992-ലെ 34-ാം നമ്പർ ആക്റ്റ്)

[*1992, സെപ്റ്റംബർ 1*]

പുനരധിവാസ പ്രൊഫഷണലുകളുടെ പരിശീലനം ക്രമപ്പെടുത്തുകയും കേന്ദ്ര പുനരധിവാസ രജിസ്റ്റർ വച്ചുപോരുകയും ചെയ്യുന്നതിന് ഭാരതത്തിന്റെ പുനരധിവാസ സമിതി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് സാന്ദർഭികമോ ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാല്പത്തിമൂന്നാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു :—

### അദ്ധ്യായം I

### പ്രാരംഭികം

1. (1) ഈ ആക്റ്റിന് ഭാരതത്തിന്റെ പുനരധിവാസ സമിതി ആക്റ്റ്, 1992 എന്ന് പേർ പറയാവുന്നതാണ്. ചുരുക്കപ്പേരും പ്രാരംഭവും.

(2) ഇത് കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. (1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,— നിർവ്വചനങ്ങൾ

(ക) "ചെയർപേഴ്സൺ" എന്നാൽ 3-ാം വകുപ്പ് (3)-ാം ഉപ വകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട സമിതിയുടെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു ;

(ഖ) "സമിതി" എന്നാൽ 3-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട ഭാരതത്തിന്റെ പുനരധിവാസ സമിതി എന്നർത്ഥമാകുന്നു;

(ഗ) "വികലാംഗൻ" എന്നാൽ—

(i) കാഴ്ച സംബന്ധിച്ച വൈകല്യമുള്ള ഒരാളെന്നോ;

(ii) ശ്രവണസംബന്ധമായ വൈകല്യമുള്ള ഒരാളെന്നോ;

(iii) ചലനവൈകല്യമുള്ള ഒരാളെന്നോ; അല്ലെങ്കിൽ

(iv) ബുദ്ധിവികാസമില്ലാത്ത ഒരാളെന്നോ;

അർത്ഥമാകുന്നു;

(ഘ) "ശ്രവണസംബന്ധമായ വൈകല്യം" എന്നാൽ രണ്ടു ചെവികൾക്കും പൂർണ്ണമായി കേൾവി നഷ്ടപ്പെട്ടതോ അല്ലെങ്കിൽ രണ്ടിൽ മെച്ചമായ ചെവിയിലെ കേൾവിക്കുറവ് 70 ഡെസിബലോ അതിൽ കൂടുതലോ ആയ ബധിരത എന്നർത്ഥമാകുന്നു;

(ങ) "ചലനവൈകല്യം" എന്നാൽ സ്വയമോ വസ്തുക്കളോടു കൂടിയോ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ചലിക്കുന്നതു മായി ബന്ധപ്പെട്ട വ്യത്യസ്ത പ്രവർത്തനങ്ങൾ നടത്തുവാനുള്ള ഒരാളുടെ, എല്ലുകളുടെയോ, സന്ധികളുടെയോ, മാംസപേശികളു ടെയോ, നാഡികളുടെയോ, അസുഖത്തിൽ നിന്നുളവാകുന്ന, കഴിവില്ലായ്മ എന്നർത്ഥമാകുന്നു;

(ച) "അംഗം" എന്നാൽ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ഒരംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(ഛ) "മെമ്പർസെക്രട്ടറി" എന്നാൽ 8-ാം വകുപ്പ് (1)-ാം ഉപ വകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട മെമ്പർസെക്രട്ടറി എന്നർത്ഥമാ കുന്നു;

(ജ) "ബുദ്ധിവികാസമില്ലായ്മ" എന്നാൽ ഒരാളുടെ, സാധാരണ യിലും കുറഞ്ഞ ബുദ്ധിശക്തി വിശേഷിച്ചും പ്രകടമാകുന്ന ബുദ്ധിയുടെ തടയപ്പെട്ടതോ അപൂർണ്ണമോ ആയ ഒരവസ്ഥ എന്നർത്ഥമാകുന്നു;

(ഝ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസി ദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഞ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ട) "അംഗീകൃത പുനരധിവാസ യോഗ്യതകൾ" എന്നാൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യോഗ്യതകളിൽ ഏതെങ്കിലുമെ ന്നർത്ഥമാകുന്നു;

(ഠ) "രജിസ്റ്റർ" എന്നാൽ 23-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ വച്ചുപോരുന്ന കേന്ദ്രപുനരധിവാസ രജിസ്റ്റർ എന്നർത്ഥമാ കുന്നു;

(ഡ) "റെഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ റെഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ഢ) "പുനരധിവാസ പ്രൊഫഷണലുകൾ" എന്നാൽ—

(i) ഓഡിയോളജിസ്റ്റുകളും സ്പീച്ച് തെറാപ്പിസ്റ്റുകളും;

(ii) ക്ളിനിക്കൽ സൈക്കോളജിസ്റ്റുകൾ;

(iii) ഹിയറിംഗ് എയ്ഡിന്റെയും ഈയർ മോൾഡിന്റെയും ടെക്നീഷ്യൻമാർ;

(iv) പുനരധിവാസ എൻജിനീയറന്മാരും ടെക്നീഷ്യ ന്മാരും;

(v) വികലാംഗരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന പ്രത്യേക അദ്ധ്യാപകർ;

(vi) വികലാംഗരുമായി ഇടപെടുന്ന വൊക്കേഷണൽ കൗൺസലർമാരും എംപ്ളോയ്മെന്റ് ഓഫീസർമാരും പ്ളേസ്മെന്റ് ഓഫീസർമാരും;

(vii) വിവിധോദ്ദേശ്യ പുനരധിവാസ തെറാപ്പിസ്റ്റുകളും ടെക്നീഷ്യന്മാരും; അല്ലെങ്കിൽ

(viii) കേന്ദ്രസർക്കാർ സമിതിയുമായി ആലോചിച്ച് അപ്പോഴപ്പോൾ വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള പ്രൊഫഷണലുകളുടെ മറ്റുവിഭാഗങ്ങൾ;

എന്നർത്ഥമാകുന്നു;

(ണ) "കാഴ്ചസംബന്ധമായ വൈകല്യമുള്ളയാൾ" എന്നാൽ താഴെപ്പറയുന്ന ഏതെങ്കിലും അവസ്ഥയിലുള്ള ഒരാൾ എന്നർത്ഥമാകുന്നു, അതായത് :—

(i) കാഴ്ച പൂർണ്ണമായും ഇല്ലാതിരിക്കൽ;

(ii) കാഴ്ച ശരിയാക്കാനുള്ള ലെൻസുകൾ വച്ചുകൊണ്ട് രണ്ടിൽ മെച്ചമായ കണ്ണിലെ കാഴ്ചശേഷി 6/60 അല്ലെങ്കിൽ 20/200 (സ്നെല്ലെൻ)-ൽ കവിയാതിരിക്കൽ; അല്ലെങ്കിൽ

(iii) കാഴ്ചപ്രതലം പരിമിതമാകുകയോ ഡിഗ്രികോണിന് എതിരാവുകയോ അല്ലെങ്കിൽ അധികം വഷളാകുകയോ ചെയ്യുക.

(2) ഏതെങ്കിലും നിയമത്തെയോ അതിലെ ഏതെങ്കിലും വ്യവസ്ഥയെയോ കുറിച്ച് ഈ ആക്റ്റിലുള്ള ഏതൊരു പരാമർശത്തിനും അങ്ങനെയുള്ള നിയമമോ അങ്ങനെയുള്ള വ്യവസ്ഥയോ പ്രാബല്യത്തിലില്ലാത്ത ഒരു പ്രദേശം സംബന്ധിച്ച് ആ പ്രദേശത്ത് പ്രാബല്യത്തിലുള്ള തത്തുല്യമായ നിയമത്തെയോ പ്രസക്ത വ്യവസ്ഥയെയോ, ഏതെങ്കിലുമുണ്ടെങ്കിൽ, അതിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കേണ്ടതാണ്.

## അദ്ധ്യായം II

## ഭാരതത്തിന്റെ പുനരധിവാസ സമിതി

ഭാരതത്തിന്റെ പുനരധിവാസ സമിതിയുടെ രൂപീകരണവും ഏകാംഗീകരണവും

3. (1) കേന്ദ്രസർക്കാർ ഇതിലേക്ക് വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രഭാവത്തോടുകൂടി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഭാരതത്തിന്റെ പുനരധിവാസ സമിതി എന്നു പേർ പറയപ്പെടേണ്ട ഒരു സമിതി രൂപീകരിക്കേണ്ടതാണ്.

(2) സമിതി മുൻപറഞ്ഞ പേരിൽ ശാശ്വതമായ പിൻതുടർച്ചാവകാശവും പൊതുമുദ്രയുമുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും, അതിന് ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും വ്യയനം ചെയ്യുകയും കോൺട്രാക്റ്റിൽ ഏർപ്പെടുകയും ചെയ്യുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും പ്രസ്തുത പേരിൽ അതിന് വ്യവഹരിക്കുകയും അതിനെതിരായി വ്യവഹാരം ബോധിപ്പിക്കുകയും ചെയ്യാവുന്നതുമാണ്.

(3) സമിതി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ട താണ്, അതായത് :—

(ക) സാമൂഹ്യസേവനത്തിലോ പുനരധിവാസത്തിലോ പരിചയമുള്ള ആളുകളിൽ നിന്നും കേന്ദ്രസർക്കാർ നിയമിക്കേണ്ട ഒരു ചെയർപേഴ്സൺ;

(ഖ) കേന്ദ്രസർക്കാർ നിയമിക്കേണ്ട മൂന്നംഗങ്ങൾ; അവർ കേന്ദ്രസർക്കാരിന്റെ താഴെപ്പറയുന്നവ കൈകാര്യം ചെയ്യുന്ന മന്ത്രാലയങ്ങളെ യഥാക്രമം പ്രതിനിധീകരിക്കുന്നവരായിരിക്കേണ്ട താണ്,

അതായത് :—

(i) ക്ഷേമം;

(ii) ആരോഗ്യം;

(iii) ധനകാര്യം;

(ഗ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെ പ്രതിനിധീകരിച്ച് കേന്ദ്രസർക്കാർ നിയമിക്കേണ്ട ഒരംഗം;

(ഘ) ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ഡയറക്ടറേറ്റ് ജനറലിനെ പ്രതിനിധീകരിച്ച് കേന്ദ്ര സർക്കാർ നിയമിക്കേണ്ട ഒരംഗം;

(ങ) സംസ്ഥാനത്തിന്റേയോ യൂണിയൻ പ്രദേശങ്ങളു ടെയോ സാമൂഹ്യക്ഷേമം കൈകാര്യം ചെയ്യുന്ന മന്ത്രാലയങ്ങ ളെയോ ഡിപ്പാർട്ടുമെന്റുകളെയോ പ്രതിനിധീകരിക്കുന്ന, കേന്ദ്ര സർക്കാർ അക്ഷരമാലക്രമത്തിൽ അനുക്രമമായി നിയമിക്കേണ്ട, രണ്ടംഗങ്ങൾ;

(ച) സന്നദ്ധ സംഘടനകളിൽ പ്രവർത്തിക്കുന്ന പുനരധി വാസ പ്രൊഫഷണലുകളിൽനിന്നും കേന്ദ്രസർക്കാർ നിയമിക്കാ വുന്ന ആറിൽ കവിയാത്തത്ര അംഗങ്ങൾ;

(ഛ) ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റ്, 1956 (1956-ലെ 102)-ന്റെ കീഴിൽ പേർ ചേർത്തിട്ടുള്ളവരും വികലാംഗ രുടെ പുനരധിവാസത്തിൽ വ്യാപൃതരായിട്ടുള്ളവരുമായ മെഡി ക്കൽ പ്രാക്ടീഷണർമാരിൽനിന്ന് കേന്ദ്രസർക്കാർ നിയമിക്കാവുന്ന നാലിൽ കവിയാത്തത്ര അംഗങ്ങൾ;

(ജ) മൂന്ന് പാർലമെന്റംഗങ്ങൾ; അവരിൽ രണ്ടുപേരെ ലോകസഭയും ഒരാളെ രാജ്യസഭയും തെരഞ്ഞെടുക്കേണ്ടതാണ്;

(ഝ) അവശരെ സഹായിക്കുന്നതിൽ സജീവമായി വ്യാപൃ തരായിരിക്കുന്ന സാമൂഹ്യപ്രവർത്തകരിൽ നിന്നും കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യാവുന്ന മൂന്നിൽ കവിയാത്തത്ര അംഗങ്ങൾ;

(ഞ) മെമ്പർസെക്രട്ടറി-എക്സ് ഒഫിഷ്യോ.

(4) ബോർഡിലെ അംഗമെന്ന ഉദ്യോഗം അതു വഹിക്കുന്ന ആളിനെ പാർലമെന്റിന്റെ ഇരുസഭകളിലേതിലേയ്ക്കെങ്കിലും തെരഞ്ഞെടുക്കപ്പെടുകയോ അല്ലെങ്കിൽ അവയിൽ അംഗമായിരിക്കുകയോ ചെയ്യുന്നതിന് അയോഗ്യനാക്കുന്നതല്ല.

4. (1) ചെയർപേഴ്സൺ അല്ലെങ്കിൽ ഒരംഗം അയാളുടെ നിയമന ത്തീയതി മുതൽ രണ്ടുവർഷമോ അല്ലെങ്കിൽ അയാളുടെ പിൻഗാമി നിയമി തനാകുന്നതു വരെയോ, അവയിൽ ഏതാണോ കൂടുതൽ, അതുവരെ ഉദ്യോഗം വഹിക്കേണ്ടതാണ്. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗ കാലാവധി.

(2) സമിതിയിലെ ഒരു യാദൃച്ഛിക ഒഴിവ് 3-ാം വകുപ്പിലെ വ്യവസ്ഥ കൾക്കനുസൃതമായി നികത്തേണ്ടതും അപ്രകാരം നിയമിതനാകുന്ന ആൾ ഏതംഗത്തിന്റെ സ്ഥാനത്തേക്കാണോ അയാൾ നിയമിതനായത് ആ അംഗ ത്തിന്റെ ശേഷിച്ച കാലത്തേക്ക് മാത്രം ഉദ്യോഗം വഹിക്കേണ്ടതുമാണ്.

(3) സമിതി ഓരോ വർഷവും ഒരു പ്രാവശ്യമെങ്കിലും സമിതി നിശ്ചയിക്കാവുന്ന സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതും യോഗ ത്തിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന നടപടിചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

(4) ചെയർപേഴ്സണോ അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ സമിതിയുടെ യോഗത്തിൽ അയാൾക്ക് പങ്കെടുക്കാൻ കഴിയാത്തപക്ഷം യോഗ ത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടു ക്കുന്ന ഏതെങ്കിലും അംഗമോ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(5) സമിതിയുടെ ഏതെങ്കിലും യോഗത്തിൽ പരിഗണനയ്ക്കു വരുന്ന എല്ലാ പ്രശ്നങ്ങളും യോഗത്തിൽ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷം അനുസരിച്ച് തീരുമാനിക്കേണ്ടതും വോട്ടുകൾ തുല്യമായിരിക്കുന്ന സംഗതിയിൽ ചെയർപേഴ്സണോ അയാളുടെ അഭാവ ത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നയാളിനോ ഒരു രണ്ടാം വോട്ട് അല്ലെങ്കിൽ നിർണ്ണായക വോട്ട് ഉണ്ടായിരിക്കുന്നതുമാണ്.

5. ഏതൊരാളാണോ— അയോഗ്യതകൾ.

(ക) ചിത്തഭ്രമം ഉള്ളവനായിരിക്കുകയോ ചിത്തഭ്രമം ഉള്ളവ നായിത്തീരുകയോ ചെയ്തിട്ടുള്ളത് അല്ലെങ്കിൽ ക്ഷമതയുള്ള ഒരു കോടതി ചിത്തഭ്രമമുള്ളവനായി പ്രഖ്യാപിച്ചിട്ടുള്ളത്; അല്ലെങ്കിൽ

(ഖ) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ സദാചാരദൂഷ്യം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ ചെയ്യപ്പെട്ടിരിക്കുകയോ ചെയ്തിട്ടുള്ളത്; അല്ലെങ്കിൽ

(ഗ) നിർദ്ധനനായി ന്യായനിർണ്ണയം ചെയ്യപ്പെടുകയോ അല്ലെ ങ്കിൽ ഏതെങ്കിലും സമയത്ത് അങ്ങനെ ചെയ്യപ്പെട്ടിരിക്കുകയോ ചെയ്തിട്ടുള്ളത്,

അങ്ങനെയുള്ള യാതൊരാളും ഒരംഗമായിരിക്കുവാൻ പാടുള്ളതല്ല.

6. ഒരംഗം— അംഗങ്ങൾ ഉദ്യോഗം ഒഴിയുന്നത്.

(ക) 5-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനാവുകയോ; അല്ലെങ്കിൽ

(ഖ) സമിതിയുടെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ സമിതിയുടെ അഭിപ്രായത്തിൽ മതിയായ കാരണമില്ലാതെ സന്നിഹിതനാകാതെയിരിക്കുകയോ; അല്ലെങ്കിൽ

(ഗ) 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ഛ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരംഗത്തിന്റെ സംഗതിയിൽ ഇൻഡ്യൻ മെഡിക്കൽ രജിസ്റ്ററിൽ തന്റെ പേര് നിലവിലില്ലാതാകുകയോ,

ചെയ്യുന്നപക്ഷം ആ അംഗത്തിന്റെ, സ്ഥാനം അതോടെ ഒഴിവാകുന്നതാണ്.

എക്സിക്യൂട്ടീവ് കമ്മിറ്റിയും മറ്റു കമ്മിറ്റികളും.

7. (1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സമിതി അതിന്റെ അംഗങ്ങൾക്കിടയിൽനിന്നും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും സാമാന്യമോ പ്രത്യേകമോ ആയ ഉദ്ദേശ്യങ്ങൾക്ക് ആവശ്യമെന്ന് അതു കരുതുന്നത്ര മറ്റു കമ്മിറ്റികളും രൂപീകരിക്കേണ്ടതാണ്.

(2) എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചെയർപേഴ്സൺ എക്സ് ഒഫിഷ്യോ അംഗമായിരിക്കേണ്ടതും സമിതി അതിന്റെ അംഗങ്ങൾക്കിടയിൽനിന്നും നാമനിർദ്ദേശം ചെയ്യുന്ന ഏഴിൽ കുറയാത്തതും പത്തിൽ കവിയാത്തതുമായ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്.

(3) ചെയർപേഴ്സൺ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്.

(4) എക്സിക്യൂട്ടീവ് കമ്മിറ്റിയോ മറ്റേതെങ്കിലും കമ്മിറ്റിയോ, ഈ ആക്റ്റിനാൽ അവയ്ക്ക് നല്കപ്പെട്ട അധികാരങ്ങൾക്കും ചുമത്തപ്പെട്ട ചുമതലകൾക്കും പുറമേ ഇതിലേക്ക് സമിതി റെഗുലേഷനുകളാൽ നല്കപ്പെട്ട അധികാരങ്ങളോ ചുമത്തപ്പെട്ട ചുമതലകളോടുകൂടി പ്രയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതാണ്.

മെമ്പർ സെക്രട്ടറിയും സമിതിയുടെ ജീവനക്കാരും.

8. (1) സമിതിയുടെ മെമ്പർസെക്രട്ടറിയെ, നിർണ്ണയിക്കപ്പെടാവുന്നതോ ചെയർപേഴ്സൺ അയാൾക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതോ ആയ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും സമിതിയുടെ നിർദ്ദേശത്തിൻകീഴിൽ പ്രയോഗിക്കുകയോ നിർവഹിക്കുകയോ ചെയ്യുന്നതിന്, കേന്ദ്ര സർക്കാർ നിയമിക്കേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ ആവശ്യം നിർവഹിക്കുന്നതിന് സമിതിക്ക് ആവശ്യമെന്നു തോന്നുന്നത്ര ഓഫീസറന്മാരെയും മറ്റു ജീവനക്കാരെയും കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി നിയമിക്കാവുന്നതാണ്.

(3) സമിതി കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി ചെയർപേഴ്സണും മറ്റംഗങ്ങൾക്കും നല്കേണ്ട ബത്തകൾ നിജപ്പെടുത്തേണ്ടതും മെമ്പർസെക്രട്ടറിയുടെയും ഓഫീസറന്മാരുടെയും മറ്റു ജീവനക്കാരുടെയും സേവനവ്യവസ്ഥകൾ തീരുമാനിക്കേണ്ടതുമാണ്.

9. സമിതിയുടെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ യാതൊരു പ്രവൃത്തിയോ നടപടിയോ, അതതു സംഗതിപോലെ, സമിതിയിലോ അതിന്റെ കമ്മിറ്റിയിലോ ഏതെങ്കിലും ഒഴിവ് നിലവിലുണ്ടെന്നോ അല്ലെങ്കിൽ, അതതുസംഗതിപോലെ, അതിന്റെ രൂപീകരണത്തിൽ ഏതെങ്കിലും ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

സമിതിയിൽ ഒഴിവുകളുണ്ടെന്നുള്ളത് പ്രവർത്തനങ്ങൾ മുതലായവ അസാധുവാക്കുന്നതല്ലെന്ന്.

10. (1) സമിതി രൂപീകരിച്ച തീയതിയും അതു മുതൽക്കും പുനരധിവാസ സമിതി പിരിച്ചുവിടപ്പെടുന്നതും അങ്ങനെയുള്ള പിരിച്ചുവിടപ്പെടുന്നതിന്മേൽ—

പുനരധിവാസ സമിതിയുടെ പിരിച്ചുവിടലും പുനരധിവാസ സമിതിയുടെ അവകാശങ്ങളെയും ബാദ്ധ്യതകളെയും ജീവനക്കാരെയും സമിതിക്ക് കൈമാറ്റം ചെയ്യലും.

(ക) പുനരധിവാസ സമിതിയുടെയോ പുനരധിവാസ സമിതിക്കുള്ളതോ ആയ സ്ഥാവരമോ ജംഗമമോ ആയ എല്ലാ വസ്തുക്കളും ആസ്തികളും സമിതിയിൽ നിക്ഷിപ്തമാകുന്നതാണ്;

(ഖ) പുനരധിവാസ സമിതിയുടെ എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും സമിതിക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അവ സമിതിയുടെ അവകാശങ്ങളും ബാദ്ധ്യതകളുമായിത്തീരുന്നതുമാണ്;

(ഗ) (ഖ) ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, പുനരധിവാസ സമിതിക്കുവേണ്ടിയോ പ്രസ്തുത പുനരധിവാസ സമിതിയുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടോ ആ തീയതിക്കു തൊട്ടുമുമ്പ് പുനരധിവാസ സമിതിയോ പുനരധിവാസ സമിതിക്കുവേണ്ടിയോ ഏർപ്പെട്ട എല്ലാ കോൺട്രാക്റ്റുകളും നടത്തുവാൻ ഏർപ്പെട്ട എല്ലാ കാര്യങ്ങളും സംഗതികളും സമിതിക്ക് നേരിട്ടതോ സമിതിയോ, സമിതിയുമായോ സമിതിക്കുവേണ്ടിയോ ഏർപ്പെട്ടതോ നടത്തുവാൻ ഏർപ്പെട്ടതോ ആയി കരുതേണ്ടതാണ്;

(ഘ) ആ തീയതിക്ക് തൊട്ടുമുമ്പ് പുനരധിവാസ സമിതിക്ക് ചെല്ലേണ്ട എല്ലാ തുകകളും സമിതിക്ക് ചെല്ലേണ്ട തുകകളായി കണക്കാക്കേണ്ടതാണ്;

(ങ) പുനരധിവാസ സമിതിയോ പുനരധിവാസ സമിതിക്കെതിരായോ ആ തീയതിക്ക് തൊട്ടുമുമ്പ് കൊടുത്തതോ കൊടുക്കാമായിരുന്നതോ ആയ എല്ലാ വ്യവഹാരങ്ങളും മറ്റ് നിയമ നടപടികളും സമിതിയോ സമിതിക്കെതിരായോ തുടരുകയോ കൊടുക്കുകയോ ചെയ്യാവുന്നതാണ്;

(ച) ആ തീയതിക്ക് തൊട്ടുമുമ്പ് പുനരധിവാസ സമിതിയിൽ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ഓരോ ജീവനക്കാരനും സമിതി രൂപീകരിച്ചില്ലായിരുന്നെങ്കിൽ ശമ്പളവും, അവധിയും പ്രോവിഡന്റ് ഫണ്ടും ഉദ്യോഗത്തിൽനിന്നും വിരമിക്കുമ്പോഴുള്ള ആനുകൂല്യങ്ങളും ഉദ്യോഗം അവസാനിക്കുമ്പോൾ നല്കപ്പെടുന്ന മറ്റാനുകൂല്യങ്ങളും സംബന്ധിച്ച് ഏത് സേവന നിബന്ധനകൾക്കും

ഉപാധികൾക്കും വിധേയനായാണോ അയാൾ അങ്ങനെ ഉദ്യോഗം വഹിക്കുമായിരുന്നത് അതേ സേവന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയനായി അയാൾ സമിതിയിൽ തന്റെ ഉദ്യോഗം വഹിക്കേണ്ടതും സമിതിയിലെ ജീവനക്കാരനായി അപ്രകാരം തുടരുകയോ അല്ലെങ്കിൽ സമിതിയിലെ ജീവനക്കാരനായിരിക്കേണ്ടെന്ന് ആ തീയതി മുതൽ ആറുമാസക്കാലാവധിക്കുള്ളിൽ ഇച്ഛാപ്രകടനം അയാൾ നടത്തുന്നപക്ഷം അങ്ങനെയുള്ള ആറു മാസക്കാലം അവസാനിക്കുന്നതുവരെയോ അപ്രകാരം തുടരേണ്ടതുമാണ്.

(2) വ്യാവസായികത്തർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14)-ലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ വകുപ്പിൻകീഴിൽ സമിതി ഏതെങ്കിലും ജീവനക്കാരനെ അതിന്റെ റെഗുലർ സർവ്വീസിൽ എടുക്കുന്നത് അങ്ങനെയുള്ള ജീവനക്കാരനെ ആ ആക്റ്റിന്റെയോ മറ്റേതെങ്കിലും നിയമത്തിന്റെയോ കീഴിൽ ഏതെങ്കിലും നഷ്ടപരിഹാരത്തിന് അർഹനാക്കുന്നതല്ലാത്തതും അങ്ങനെയുള്ള യാതൊരു തേർച്ചയും ഏതെങ്കിലും കോടതിയോ ട്രിബ്യൂണലോ മറ്റ് അധികാരസ്ഥാനമോ പരിഗണിക്കാവുന്നതല്ലാത്തതുമാകുന്നു.

*വിശദീകരണം.*—ഈ വകുപ്പിൽ "പുനരധിവാസ സമിതി" എന്നാൽ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ 21)-ൻ കീഴിൽ രൂപവൽക്കരിച്ച് രജിസ്റ്റർ ചെയ്തതും സമിതിയുടെ രൂപീകരണത്തിനു തൊട്ടുമുമ്പ് അപ്രകാരം പ്രവർത്തിച്ചുപോരുന്ന പുനരധിവാസ സമിതി എന്ന സംഘം എന്നർത്ഥമാകുന്നു.

## അദ്ധ്യായം III

## സമിതിയുടെ ചുമതലകൾ

പുനരധിവാസ പ്രൊഫഷണലുകൾക്ക് ഭാരതത്തിലുള്ള യൂണിവേഴ്സിറ്റി, മുതലായവ നൽകുന്ന യോഗ്യതകളുടെ അംഗീകാരം.

11. (1) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭാരതത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയോ മറ്റ് സ്ഥാപനമോ നൽകുന്ന യോഗ്യതകൾ പുനരധിവാസ പ്രൊഫഷണലുകളുടെ അംഗീകൃത യോഗ്യതകളായിരിക്കും.

(2) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പുനരധിവാസ പ്രൊഫഷണലുകൾക്കുള്ള യോഗ്യത നൽകുന്ന ഏതെങ്കിലും യൂണിവേഴ്സിറ്റിക്കോ മറ്റ് സ്ഥാപനത്തിനോ അങ്ങനെയുള്ള ഏതെങ്കിലും യോഗ്യത അംഗീകരിക്കുന്നതിനു കേന്ദ്രസർക്കാരിന് അപേക്ഷ നൽകാവുന്നതും സമിതിയുമായി ആലോചിച്ചശേഷം വിജ്ഞാപനംവഴി അങ്ങനെയുള്ള യോഗ്യത പട്ടികയിൽ ഉൾപ്പെടുത്തുന്നതിനു കേന്ദ്രസർക്കാരിന് പട്ടിക ഭേദഗതി ചെയ്യാവുന്നതും അങ്ങനെയുള്ള ഏതൊരു വിജ്ഞാപനത്തിനും ഒരു വിനിർദ്ദിഷ്ട തീയതിക്കുശേഷം മാത്രം നൽകപ്പെടുന്ന അങ്ങനെയുള്ള യോഗ്യതയ്ക്കുനേരെ പട്ടികയിലെ അവസാനകോളത്തിൽ ഒരു ഉൾക്കുറിപ്പ് ചേർക്കണമെന്ന് നിർദ്ദേശിക്കാവുന്നതുമാണ്.

12. യോഗ്യതകൾ അംഗീകരിക്കുന്നതിന് പദ്ധതികൾ ഉണ്ടാക്കുവാൻ ഭാരതത്തിനു വെളിയിലുള്ള ഏതൊരു രാജ്യത്തിലെയും അധികാരസ്ഥാനവുമായി സമിതിക്ക് കൂടിയാലോചനകളിലേർപ്പെടാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും പദ്ധതികൾക്കനുസൃതമായി അംഗീകരിക്കപ്പെടണമെന്ന് സമിതി തീരുമാനിച്ച ഏതെങ്കിലും യോഗ്യത പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വിജ്ഞാപനംവഴി പട്ടിക കേന്ദ്രസർക്കാരിന് ഭേദഗതി ചെയ്യാവുന്നതും ഒരു നിർദ്ദിഷ്ട തീയതിക്കുശേഷം നൽകപ്പെടുമ്പോൾ മാത്രം അത് അംഗീകൃത യോഗ്യത ആയിരിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് പട്ടികയിലെ അവസാനത്തെ കോളത്തിൽ ഒരു ഉൾക്കുറിപ്പ് ചേർക്കേണ്ടതാണെന്ന് അങ്ങനെയുള്ള വിജ്ഞാപനംവഴി നിർദ്ദേശിക്കാവുന്നതുമാണ്. ഭാരതത്തിനു വെളിയിലുള്ള സ്ഥാപനങ്ങൾ നൽകുന്ന യോഗ്യതകളുടെ അംഗീകാരം.

13 (1) ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതൊരു യോഗ്യതയും രജിസ്റ്ററിൽ പേര് ചേർക്കപ്പെടുവാനുള്ള മതിയായ യോഗ്യതയായിരിക്കുന്നതാണ്. പട്ടികയിൽ ഉൾപ്പെടുത്തിയ യോഗ്യതകളുള്ള ആളുകളുടെ പേര് ചേർക്കപ്പെടുവാനുള്ള അവകാശങ്ങൾ.

(2) ഒരു അംഗീകൃത പുനരധിവാസ യോഗ്യതയുള്ള, രജിസ്റ്ററിൽ പേര് ചേർത്ത പുനരധിവാസ പ്രൊഫഷണലുകളൊഴികെ യാതൊരാളും,—

(ക) സർക്കാരിലോ അല്ലെങ്കിൽ മറ്റധികാരസ്ഥാനങ്ങളോ, തദ്ദേശാധികാരസ്ഥാനങ്ങളോ പരിപാലിക്കുന്ന ഏതെങ്കിലും സ്ഥാപനത്തിലോ പുനരധിവാസ പ്രൊഫഷണൽ എന്ന ഉദ്യോഗമോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗമോ (അത് ഏത് ഉദ്യോഗപ്പേരിൽ അറിയപ്പെട്ടാലും) വഹിക്കുവാൻ പാടുള്ളതല്ല;

(ഖ) ഭാരതത്തിലൊരിടത്തും പുനരധിവാസ പ്രൊഫഷണലായി പ്രാക്ടീസ് ചെയ്യുവാൻ പാടുള്ളതല്ല;

(ഗ) ഒരു പുനരധിവാസ പ്രൊഫഷണൽ ഒപ്പിടുകയോ പ്രമാണീകരിക്കുകയോ ചെയ്യേണ്ടതാണെന്ന് ഏതെങ്കിലും നിയമം ആവശ്യപ്പെടുന്ന ഏതെങ്കിലും സർട്ടിഫിക്കറ്റ് ഒപ്പിടാനോ പ്രമാണീകരിക്കാനോ അർഹനായിരിക്കുന്നതല്ല;

(ഘ) ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872 (1872-ലെ 1) 45-ാം വകുപ്പിൻകീഴിൽ ഒരു വികലാംഗനെ സംബന്ധിക്കുന്ന ഏതെങ്കിലും വിഷയത്തിൻമേൽ ഏതെങ്കിലും കോടതിയിൽ ഒരു വിദഗ്ദ്ധനായി തെളിവ് നൽകാൻ അർഹനായിരിക്കുന്നതല്ല:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭത്തീയതിയിൽ ഒരാൾക്ക് അംഗീകൃത പുനരധിവാസ പ്രൊഫഷണൽ യോഗ്യത ഉള്ളപക്ഷം അങ്ങനെയുള്ള പ്രാരംഭ തീയതി മുതൽ ആറുമാസക്കാലത്തേക്കും പ്രസ്തുത ആറുമാസക്കാലത്തിനുള്ളിൽ രജിസ്റ്ററിൽ പേര് ചേർക്കാൻ അയാൾ ഒരപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ ആ അപേക്ഷ തീർപ്പാക്കുന്നതുവരെയും അയാൾ പേര് ചേർക്കപ്പെട്ട ഒരു പുനരധിവാസ പ്രൊഫഷണലായി കണക്കാക്കപ്പെടേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഏതൊരാളും ഒരു വർഷംവരെ ആകാവുന്ന തടവു ശിക്ഷയോ അല്ലെങ്കിൽ ആയിരം രൂപവരെ ആകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

പഠനകോഴ്സുകളെയും പരീക്ഷകളെയും സംബന്ധിച്ച വിവരങ്ങളാവശ്യപ്പെടാനുള്ള അധികാരം.

14. ഒരംഗീകൃത യോഗ്യത നൽകുന്ന ഭാരതത്തിലെ ഓരോ യൂണിവേഴ്സിറ്റിയും സ്ഥാപനവും അങ്ങനെയുള്ള യോഗ്യത നേടുന്നതിന് വിധേയമാകേണ്ട പഠനകോഴ്സുകളെയും പരീക്ഷകളെയും, അങ്ങനെയുള്ള പഠനകോഴ്സുകൾക്കും പരീക്ഷകൾക്കും വിധേയമാകുകയും അങ്ങനെയുള്ള യോഗ്യത നൽകപ്പെടുകയും ചെയ്യുന്നതിനുള്ള പ്രായവും സംബന്ധിച്ചും അങ്ങനെയുള്ള യോഗ്യത നേടുന്നതിനുള്ള മാനദണ്ഡങ്ങളെ സംബന്ധിച്ച് സാമാന്യമായും സമിതി അതതു സമയം ആവശ്യപ്പെടുന്ന അങ്ങനെയുള്ള വിവരങ്ങൾ നൽകേണ്ടതാണ്.

പരീക്ഷാ ഇൻസ്പെക്ടർമാർ.

15. (1) ഏതെങ്കിലും യൂണിവേഴ്സിറ്റിയോ സ്ഥാപനമോ നൽകുന്ന യോഗ്യതകൾ അംഗീകരിക്കുവാൻ കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്യുന്ന ആവശ്യത്തിന് പുനരധിവാസ പ്രൊഫഷണലായി പ്രാക്ടീസ് ചെയ്യുന്നതിനുള്ള വിദ്യാഭ്യാസം നൽകുന്ന അങ്ങനെയുള്ള ഏതെങ്കിലും യൂണിവേഴ്സിറ്റിയോ സ്ഥാപനമോ പരിശോധിക്കുന്നതിനോ അങ്ങനെയുള്ള ഏതെങ്കിലും യൂണിവേഴ്സിറ്റിയോ സ്ഥാപനമോ നടത്തുന്ന ഏതെങ്കിലും പരീക്ഷയിൽ സന്നിഹിതനാകുന്നതിനോ ആവശ്യമെന്ന് അതു കരുതുന്നത്ര ഇൻസ്പെക്ടർമാരെ സമിതി നിയമിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ഇൻസ്പെക്ടർമാർ ഏതെങ്കിലും പരിശീലനത്തിന്റെയോ പരീക്ഷയുടേയോ നടത്തിപ്പിൽ ഇടപെടാൻ പാടില്ലാത്തതും എന്നാൽ അങ്ങനെയുള്ള വിദ്യാഭ്യാസം നൽകുന്നതിന് നിർണ്ണയിക്കപ്പെട്ട സ്റ്റാഫും ഉപകരണങ്ങളും താമസ സൗകര്യവും പരിശീലനവും മറ്റു സൗകര്യങ്ങളും ഉൾപ്പെടെയുള്ള വിദ്യാഭ്യാസനിലവാരത്തിന്റെ തികവിനെയോ അവർ സന്നിഹിതരാവുന്ന ഓരോ പരീക്ഷയുടെയും പര്യാപ്തതയെയോ സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഇൻസ്പെക്ടറുടെ റിപ്പോർട്ട് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിക്കോ അല്ലെങ്കിൽ സ്ഥാപനത്തിനോ സമിതി അയച്ചുകൊടുക്കേണ്ടതും അതിൻമേലുള്ള യൂണിവേഴ്സിറ്റിയുടെയോ അല്ലെങ്കിൽ സ്ഥാപനത്തിന്റെയോ റിമാർക്കുകളോടുകൂടി ഒരു പകർപ്പ് കേന്ദ്ര സർക്കാരിനുംകൂടി അയച്ചുകൊടുക്കേണ്ടതുമാണ്.

പരീക്ഷാ സന്ദർശകർ.

16. (1) പുനരധിവാസ പ്രൊഫഷണലുകൾക്ക് വിദ്യാഭ്യാസം നൽകുന്ന ഏതെങ്കിലും യൂണിവേഴ്സിറ്റിയോ സ്ഥാപനമോ പരിശോധിക്കുന്നതിനോ അംഗീകൃത പുനരധിവാസ യോഗ്യതകൾ നൽകുന്ന ആവശ്യത്തിനുള്ള ഏതെങ്കിലും പരീക്ഷയിൽ സന്നിഹിതനാകുന്നതിനോ ആവശ്യമെന്ന് അതു കരുതുന്നത്ര സന്ദർശകരെ സമിതിക്ക് നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു സന്ദർശകനായി ഏതൊരാളെയും, അയാൾ സമിതിയിലെ അംഗമാണെങ്കിലും അല്ലെങ്കിലും, നിയമിക്കാവുന്നതും എന്നാൽ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും പരിശോധനയ്ക്കോ പരീക്ഷയ്ക്കോ ഇൻസ്പെക്ടറായി നിയമിക്കപ്പെട്ട ഒരാളെ അതേ പരിശോധനയ്ക്കോ പരീക്ഷയ്ക്കോ സന്ദർശകനായി നിയമിക്കാൻ പാടില്ലാത്തതുമാകുന്നു.

(3) സന്ദർശകർ ഏതെങ്കിലും പരീക്ഷയുടെയോ അല്ലെങ്കിൽ പരിശീലനത്തിന്റെയോ നടത്തിപ്പിൽ ഇടപെടാൻ പാടില്ലാത്തതും എന്നാൽ പുനരധിവാസ പ്രൊഫഷണലുകൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് നിർണ്ണയിക്കപ്പെട്ട സ്റ്റാഫും ഉപകരണങ്ങളും താമസസൗകര്യവും പരിശീലനവും മറ്റു സൗകര്യങ്ങളും ഉൾപ്പെടെ വിദ്യാഭ്യാസ നിലവാരത്തിന്റെ തികവിനെയോ അവർ സന്നിഹിതരാവുന്ന ഓരോ പരീക്ഷയുടെയും പര്യാപ്തതയെയോ സംബന്ധിച്ച് ചെയർപേഴ്സണ് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(4) സന്ദർശകന്റെ റിപ്പോർട്ട് ഏതെങ്കിലും പ്രത്യേക കേസിൽ ചെയർപേഴ്സൺ മറ്റു വിധത്തിൽ നിദ്ദേർശിക്കാത്തപക്ഷം രഹസ്യമായി കരുതപ്പെടേണ്ടതാണ് :

എന്നാൽ, കേന്ദ്രസർക്കാർ സന്ദർശകന്റെ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ആവശ്യപ്പെടുന്നപക്ഷം സമിതി അതു നൽകേണ്ടതാണ്.

അംഗീകാരം പിൻവലിക്കൽ

17. (1) ഇൻസ്പെക്ടറുടെയോ സന്ദർശകന്റെയോ റിപ്പോർട്ടിൻമേൽ—

(ക) വിദ്യാർത്ഥികൾ വിധേയരാകേണ്ട പഠന കോഴ്സുകളോ പരീക്ഷയോ ഏതെങ്കിലും യൂണിവേഴ്സിറ്റിയോ സ്ഥാപനമോ നടത്തുന്ന ഏതെങ്കിലും പരീക്ഷയിൽ വിദ്യാർത്ഥികളിൽനിന്നും ആവശ്യപ്പെടുന്ന പ്രാവീണ്യമോ;

(ഖ) അങ്ങനെയുള്ള യൂണിവേഴ്സിറ്റിയിലോ സ്ഥാപനത്തിലോ ശിക്ഷണത്തിനും പരിശീലനത്തിനും ഏർപ്പെടുത്തിയിട്ടുള്ള സ്റ്റാഫും ഉപകരണങ്ങളും താമസസൗകര്യവും പരിശീലനവും മറ്റു സൗകര്യങ്ങളും സമിതി നിർണ്ണയിച്ചിട്ടുള്ള നിലവാരത്തിന് അനുരൂപമായിട്ടുള്ളതല്ലെന്ന് സമിതിക്ക് തോന്നുന്നപക്ഷം ആ അർത്ഥത്തിലുള്ള ഒരു നിവേദനം കേന്ദ്രസർക്കാരിന് നൽകേണ്ടതാണ്.

(2) അങ്ങനെയുള്ള നിവേദനം പരിഗണിച്ചശേഷം കേന്ദ്രസർക്കാർ, യൂണിവേഴ്സിറ്റിയുടെയോ സ്ഥാപനത്തിന്റെയോ വിശദീകരണം ആ സർക്കാരിന് നൽകേണ്ട കാലാവധിയുടെ ഒരു അറിയിപ്പോടുകൂടി, ആ യൂണിവേഴ്സിറ്റിക്കോ സ്ഥാപനത്തിനോ അത് അയച്ചുകൊടുക്കാവുന്നതാണ്.

(3) വിശദീകരണം ലഭിക്കുന്നതിൻമേൽ അല്ലെങ്കിൽ നിശ്ചിത കാലാവധിക്കകം വിശദീകരണം നൽകണമെന്നുള്ളപ്പോൾ വിശദീകരണം നൽകാതിരിക്കുന്നിടത്ത് ആ കാലാവധി അവസാനിക്കുന്നതിൻമേൽ

കേന്ദ്രസർക്കാർ യുക്തമെന്ന് അത് കരുതുന്ന അങ്ങനെയുള്ള കൂടുതൽ അന്വേഷണം എന്തെങ്കിലുമുണ്ടെങ്കിൽ അത് നടത്തിയതിനുശേഷം പട്ടികയിൽ പ്രസ്തുത അംഗീകൃത പുനരധിവാസ യോഗ്യതക്കെതിരെ, ഒരു നിശ്ചിത തീയതിക്കുമുമ്പ് നൽകിയതാണെങ്കിൽ മാത്രം അത് അംഗീകൃത പുനരധിവാസയോഗ്യതയായിരിക്കുമെന്നോ, അല്ലെങ്കിൽ പ്രസ്തുത അംഗീകൃത പുനരധിവാസയോഗ്യത ഒരു നിർദ്ദിഷ്ട യൂണിവേഴ്സിറ്റിയോ സ്ഥാപനമോ ഒരു നിർദ്ദിഷ്ട തീയതിക്കുമുമ്പ് നൽകിയതാണെങ്കിൽ മാത്രം ഒരംഗീകൃത പുനരധിവാസയോഗ്യതയായിരിക്കുമെന്നോ, അല്ലെങ്കിൽ, അതതു സംഗതിപോലെ, പ്രസ്തുത അംഗീകൃത പുനരധിവാസ യോഗ്യത ഒരു നിർദ്ദിഷ്ട യൂണിവേഴ്സിറ്റിയോ സ്ഥാപനമോ സംബന്ധിച്ച് ഒരു നിർദ്ദിഷ്ട തീയതിക്കുശേഷം നൽകിയതാണെങ്കിൽ മാത്രം അംഗീകൃത പുനരധിവാസ യോഗ്യതയായിരിക്കുമെന്നോ പ്രഖ്യാപിച്ചുകൊണ്ട് ഒരു ഉൾക്കുറിപ്പ് ചേർക്കാൻ വിജ്ഞാപനംവഴി നിർദ്ദേശിക്കാവുന്നതാണ്.

വിദ്യാഭ്യാസത്തിന്റെ ഏറ്റവും കുറഞ്ഞ നിലവാരം.

18. ഭാരതത്തിലെ യൂണിവേഴ്സിറ്റികളോ സ്ഥാപനങ്ങളോ അംഗീകൃത പുനരധിവാസ യോഗ്യത നൽകുന്നതിനാവശ്യമായ വിദ്യാഭ്യാസത്തിന്റെ ഏറ്റവും കുറഞ്ഞ നിലവാരം സമിതിക്ക് നിർണ്ണയിക്കാവുന്നതാണ്.

രജിസ്റ്ററിൽ പേര് ചേർക്കൽ.

19. നിർണ്ണയിക്കപ്പെട്ട രീതിയിൽ ഏതൊരാളും നൽകുന്ന ഒരപേക്ഷ ലഭിക്കുന്നതിൻമേൽ മെമ്പർ-സെക്രട്ടറിക്ക് അങ്ങനെയുള്ള അപേക്ഷകൻ അംഗീകൃത പുനരധിവാസയോഗ്യതയുള്ളയാളാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ അയാളുടെ പേര് രജിസ്റ്ററിൽ ചേർക്കാവുന്നതാണ്.

രജിസ്റ്ററിൽ പേര് ചേർക്കപ്പെട്ട ആളുകളുടെ പ്രത്യേകാവകാശങ്ങൾ.

20. അംഗീകൃത പുനരധിവാസ യോഗ്യതകളുള്ള ആളുകൾക്ക് വികലാംഗരെ പുനരധിവസിപ്പിക്കുന്ന മേഖലയിൽ പ്രവർത്തിക്കുന്നതു സംബന്ധിച്ച് ഈ ആക്റ്റിലെ നിബന്ധനകൾക്കും പരിമിതികൾക്കും വിധേയമായി തൽസമയം രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള ഓരോ ആൾക്കും പുനരധിവാസ പ്രൊഫഷണലായി ഭാരതത്തിലെവിടെയും പ്രാക്ടീസ് ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതും നിയമാനുസൃതമായി മുറപ്രകാരം അങ്ങനെയുള്ള പ്രാക്ടീസുമായി ബന്ധപ്പെട്ട് അയാൾക്കർഹതയുള്ള ഏതെങ്കിലും ചെലവുകളും ഔഷധങ്ങളോ മറ്റ് ഉപകരണങ്ങളോ ആയി ബന്ധപ്പെട്ട ചാർജ്ജുകളും ഏതെങ്കിലും ഫീസുകളും ഈടാക്കാവുന്നതുമാണ്.

വൃത്തിസംബന്ധമായ പെരുമാറ്റവും രജിസ്റ്ററിൽ നിന്നും പേര് നീക്കം ചെയ്യലും.

21. (1) പുനരധിവാസ പ്രൊഫഷണലുകൾക്ക് വൃത്തി സംബന്ധമായ പെരുമാറ്റത്തിന്റെയും മര്യാദയുടെയും നിലവാരങ്ങളും ഒരു സദാചാര സംഹിതയും സമിതിക്ക് നിർണ്ണയിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ സമിതി ഉണ്ടാക്കുന്ന റെഗുലേഷനുകളിൽ അവയുടെ ഏതു ലംഘനങ്ങളാണ് ഏതെങ്കിലും വൃത്തി സംബന്ധമായി അപകീർത്തികരമായ പ്രവൃത്തി, അതായത് വൃത്തിസംബന്ധമായ നടപടി ദൂഷ്യമായിത്തീരുന്നതെന്ന് നിർദ്ദേശിക്കാവുന്നതും തൽസമയം പ്രാബല്യത്തിലുള്ള

മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അങ്ങനെയുള്ള വ്യവസ്ഥയ്ക്ക് പ്രഭാവമുണ്ടായിരിക്കുന്നതുമാണ്.

(3) സമിതിക്ക് ഏതൊരാളുടെ പേരും, അയാൾക്ക് പറയാൻ ന്യായമായ ഒരവസരം നൽകുകയും അതിനു യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള കൂടുതൽ അന്വേഷണം എന്തെങ്കിലുമുണ്ടെങ്കിൽ അതു നടത്തുകയും ചെയ്തതിനുശേഷം—

(i) അയാളുടെ പേര് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് തെറ്റുമൂലമാണെന്നോ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിക്കലിന്റെയോ സാരവത്തായ ഒരു വസ്തുത മറച്ചുവെച്ചതിന്റെ കാരണത്താലാണെന്നോ;

(ii) രജിസ്റ്ററിൽ അയാളെ ചേർക്കുന്നതിന് സമിതിയുടെ അഭിപ്രായത്തിൽ അയാളെ അയോഗ്യനാക്കുന്ന ഏതെങ്കിലും കുറ്റത്തിന് അയാൾ കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ ഏതെങ്കിലും വൃത്തി സംബന്ധമായ ഏതെങ്കിലും അപകീർത്തികരമായ പെരുമാറ്റത്തിന് അപരാധിയാണെന്നോ (1)-ാം ഉപവകുപ്പിൻകീഴിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള വൃത്തി സംബന്ധമായ പെരുമാറ്റത്തിന്റെയും മര്യാദയുടെയും നിലവാരങ്ങളും സദാചാരസംഹിതയും ലംഘിക്കുകയോ ചെയ്തിട്ടുണ്ടെന്നോ,

സമിതിക്ക് ബോദ്ധ്യമാകുന്നിടത്ത് അയാളുടെ പേര് രജിസ്റ്ററിൽനിന്നും നീക്കം ചെയ്യുവാൻ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(4) രജിസ്റ്ററിൽനിന്നും പേര് നീക്കം ചെയ്യപ്പെടാൻ ഉത്തരവായിട്ടുള്ള ഏതൊരാളും സ്ഥിരമായോ അല്ലെങ്കിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വർഷങ്ങളുടെ കാലാവധിയിലേക്കോ ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെടാൻ അർഹനായിരിക്കുന്നതല്ലെന്ന് (3)-ാം ഉപവകുപ്പിൻകീഴിലുള്ള ഉത്തരവിൽ നിർദ്ദേശിക്കാവുന്നതാണ്.

രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യലുത്തരവിനെതിരെ അപ്പീൽ.

22. (1) ആവശ്യമായ പുനരധിവാസയോഗ്യത ഇല്ലെന്ന കാരണത്താലല്ലാതെ ഏതെങ്കിലും ആളുടെ പേര് രജിസ്റ്ററിൽനിന്നും നീക്കം ചെയ്തിട്ടുള്ളിടത്ത് നിർണ്ണയിക്കപ്പെട്ട രീതിയിലും ഫീസ് നൽകുന്നത് സംബന്ധിച്ച നിബന്ധനകളുൾപ്പെടെ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായും അയാൾക്ക് കേന്ദ്രസർക്കാരിന് അപ്പീൽ നൽകാവുന്നതും അതിൻമേലുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള യാതൊരപ്പീലും 21-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിലുള്ള ഉത്തരവിന്റെ തീയതിമുതൽ 30 ദിവസക്കാലം കഴിഞ്ഞതിനുശേഷം സമർപ്പിക്കുകയാണെങ്കിൽ പരിഗണിക്കപ്പെടാവുന്നതല്ല :

എന്നാൽ, പ്രസ്തുത കലാവധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുന്നതിന് അപ്പീൽവാദിക്ക് മതിയായ കാരണമുണ്ടെന്ന് കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തുകയാണെങ്കിൽ പ്രസ്തുതമുപ്പതുദിവസക്കാലം കഴിഞ്ഞതിനു ശേഷം അപ്പീൽ പരിഗണിക്കപ്പെടാവുന്നതാണ്.

രജിസ്റ്റർ

23. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും സമിതി പുറപ്പെടുവിക്കുന്ന ഏതൊരുത്തരവിനും അനുസൃതമായി രജിസ്റ്റർ സൂക്ഷിക്കുകയും വച്ചുപോരുകയും ചെയ്യുന്നതും അപ്പോഴപ്പോൾ രജിസ്റ്റർ പുതുക്കുന്നതും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും മെമ്പർ സെക്രട്ടറിയുടെ ചുമതലയായിരിക്കുന്നതാണ്.

(2) രജിസ്റ്റർ, ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872 (1872-ലെ 1)-ന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ ഒരു പബ്ളിക് രേഖയായി കണക്കാക്കേണ്ടതും അതിന്റെ ഒരു പകർപ്പുകൊണ്ട് അതു തെളിയിക്കാവുന്നതുമാണ്.

സമിതി നൽകേണ്ട വിവരങ്ങളും അവയുടെ പ്രസിദ്ധീകരണവും.

24. (1) സമിതി, കേന്ദ്രസർക്കാർ ആശ്യപ്പെടുന്ന റിപ്പോർട്ടുകളും അതിന്റെ മിനിറ്റ്സിന്റെ പകർപ്പുകളും അതിന്റെ കണക്കുകളുടെ അബ്സ്ട്രാക്റ്റുകളും മറ്റു വിവരങ്ങളും ആ സർക്കാരിന് നല്കേണ്ടതാണ്.

(2) ഈ വകുപ്പിൻകീഴിലോ 16-ാം വകുപ്പിൻകീഴിലോ സമിതി നൽകുന്ന ഏതെങ്കിലും റിപ്പോർട്ടോ പകർപ്പോ അബ്സ്ട്രാക്റ്റോ മറ്റ് വിവരമോ കേന്ദ്രസർക്കാരിന് യുക്തമെന്നു തോന്നുന്ന രീതിയിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

കുറ്റങ്ങൾ നടപടിക്കെടുക്കൽ.

25. ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ൽ എന്തു തന്നെ അടങ്ങിയിരുന്നാലും സമിതി ഇതിലേക്ക് അധികാരപ്പെടുത്തിയ ഏതെങ്കിലും ആൾ നല്കുന്ന ലിഖിതമായ പരാതിയിന്മേലല്ലാതെ ഈ ആക്റ്റിൻകീഴിൽ ശിക്ഷാർഹമായ ഒരു കുറ്റം യാതൊരു കോടതിയും നടപടിക്കെടുക്കാവുന്നതല്ല.

ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടിക്ക് സംരക്ഷണം.

26. ഈ ആക്റ്റിൻകീഴിൽ ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ, ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് കേന്ദ്ര സർക്കാരിനോ സമിതിക്കോ ചെയർപേഴ്സണോ അംഗങ്ങൾക്കോ മെമ്പർ-സെക്രട്ടറിക്കോ സമിതിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റു ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടിയോ നിലനില്ക്കുന്നതല്ല.

സമിതിയിലെ ജീവനക്കാർ പബ്ളിക് സർവന്റുമാർ ആയിരിക്കുമെന്ന്.

27. സമിതിയുടെ ചെയർപേഴ്സണും, അംഗങ്ങളും, മെമ്പർ-സെക്രട്ടറിയും, ഉദ്യോഗസ്ഥന്മാരും മറ്റു ജീവനക്കാരും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻകീഴിലുണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിനോ റെഗുലേഷനോ അനുസൃതമായി പ്രവർത്തിക്കുകയോ പ്രവർത്തിക്കുന്നതായി കരുതപ്പെടുകയോ ചെയ്യുമ്പോൾ ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) 21-ാംവകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ പബ്ളിക് സർവന്റുമാരായി കുരുതപ്പെടേണ്ടതാണ്.

28. ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കേന്ദ്രസർക്കാരിന് വിജ്ഞാപനംവഴി ചട്ടങ്ങളുണ്ടാക്കാവുന്നതാണ്. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം.

29. സമിതിക്ക് കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടു കൂടി വിജ്ഞാപനംവഴി ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സാമാന്യമായി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ അങ്ങനെയുള്ള റെഗുലേഷനുകൾ *താഴെപ്പറയുന്നവയ്ക്ക് വ്യവസ്ഥ ചെയ്യാവുന്നതുമാണ്, അതായത്* :— റെഗുലേഷനുകളുണ്ടാക്കാനുള്ള അധികാരം.

(ക) സമിതിയുടെ വസ്തുക്കൾ മാനേജ് ചെയ്യൽ;

(ഖ) സമിതിയുടെ കണക്കുകൾ വച്ചുപോരുന്നതും അവയുടെ ഓഡിറ്റും;

(ഗ) സമിതി അംഗങ്ങളുടെ രാജി;

(ഘ) ചെയർപേഴ്സന്റെ അധികാരങ്ങളും കർത്തവ്യങ്ങളും;

(ങ) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച നടപടിച്ചട്ടങ്ങൾ;

(ച) 7-ാം വകുപ്പിൻകീഴിൽ രൂപീകരിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും മറ്റ് കമ്മിറ്റികളുടെയും പ്രവർത്തനം;

(ഛ) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ മെമ്പർ-സെക്രട്ടറിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും;

(ജ) ഇൻസ്പെക്ടർമാരുടെയും സന്ദർശകരുടെയും യോഗ്യതകളും, നിയമനവും, അധികാരങ്ങളും കർത്തവ്യങ്ങളും അവർ അനുവർത്തിക്കേണ്ട നടപടിക്രമവും;

(ഝ) അംഗീകൃത പുനരധിവാസയോഗ്യത നൽകുന്ന ഏതെങ്കിലും യൂണിവേഴ്സിറ്റിയിലെയോ സ്ഥാപനത്തിലെയോ പഠിക്കേണ്ട കോഴ്സുകളും, പഠനത്തിന്റെയോ പരിശീലനത്തിന്റെയോ കാലാവധിയും പരീക്ഷയുടെ വിഷയങ്ങളും അവയിൽ ലഭിക്കേണ്ട പ്രാവീണ്യത്തിന്റെ നിലവാരങ്ങളും;

(ഞ) പുനരധിവാസ പ്രൊഫഷണലുകളുടെ പഠനത്തിനോ പരിശീലനത്തിനോ ഉള്ള സ്റ്റാഫിന്റെയും ഉപകരണങ്ങളുടെയും താമസസൗകര്യത്തിന്റെയും പരിശീലനത്തിന്റെയും മറ്റ് സൗകര്യങ്ങളുടെയും നിലവാരങ്ങൾ;

(ട) പരീക്ഷകളുടെ നടത്തിപ്പും പരീക്ഷകരുടെ യോഗ്യതകളും അങ്ങനെയുള്ള പരീക്ഷകൾക്ക് പ്രവേശനത്തിനുള്ള നിബന്ധനയും;

(ഠ) 21-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ പുനരധിവാസ പ്രൊഫഷണലുകൾ പാലിക്കേണ്ട വൃത്തിസംബന്ധമായ പെരുമാറ്റത്തിന്റെയും മര്യാദയുടെയും സദാചാരസംഹിതയുടെയും നിലവാരങ്ങൾ;

(ഡ) ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷയിൽ പ്രസ്താവിക്കേണ്ട വിവരങ്ങളും നൽകേണ്ട യോഗ്യതകളുടെ തെളിവും;

(ഢ) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ അപ്പീൽ നൽകേണ്ട രീതിയും ഏത് നിബന്ധനകൾക്ക് വിധേയമായാണോ അപ്പീൽ നൽകേണ്ടത് ആ നിബന്ധനകളും;

(ണ) ഈ ആക്റ്റിൻകീഴിലുള്ള അപേക്ഷകൾക്കും അപ്പീലുകൾക്കും നൽകേണ്ട ഫീസ്;

(ത) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യം.

ചട്ടങ്ങളും റെഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കൽ.

30. ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും ഏതൊരു റെഗുലേഷനും അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളിച്ചിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർന്നുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിലോ റെഗുലേഷനിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമോ, റെഗുലേഷനോ ഉണ്ടാക്കേണ്ടതില്ലായെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിനോ, റെഗുലേഷനോ അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിന്റെയോ, റെഗുലേഷന്റെയോ കീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതുമാണ്.

## പട്ടിക

(11-ാം വകുപ്പ് നോക്കുക)

### ഭാരതത്തിലെ യൂണിവേഴ്സിറ്റികളോ സ്ഥാപനങ്ങളോ നൽകുന്ന അംഗീകൃത പുനരധിവാസ യോഗ്യതകൾ

| യൂണിവേഴ്സിറ്റി/സ്ഥാപനം | കോഴ്സിന്റെ പേര് | യോഗ്യത | റിമാർക്കുകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| | **I. പുനരധിവാസ എൻജിനീയർമാർ/ ടെക്നീഷ്യൻമാർ** | | |
| നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓർത്തോപീഡിക്കലി ഹാൻഡിക്കാപ്ഡ്, ബി. റ്റി. റോഡ്, ബോൺഹൂഗ്ളി, കൽക്കട്ട-700 090 | പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് എൻജിനീയറിംഗ് ഡിപ്ളോമ (രണ്ടു വർഷം) | ഡിപ്ളോമ | |
| ഡിപ്പാർട്ട്മെന്റ് ഓഫ് റിഹാബിലിറ്റേഷൻ, സഫ്ദർജംഗ് ഹോസ്പിറ്റൽ, ന്യൂഡൽഹി | പ്രോസ്തെറ്റിക്സ് ആന്റ് ഓർത്തോട്ടിക്സ് കോഴ്സ് (മൂന്നു വർഷം) | ഡിപ്ളോമ | |
| ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിഹാബിലിറ്റേഷൻ ഓഫ് മെഡിസിൻ, കെ. കെ. നഗർ, മദ്രാസ്-600 083 | ഓർത്തോട്ടിക്സ് ആന്റ് പ്രോസ്തെറ്റിക്സ് ഡിപ്ളോമ | ഡിപ്ളോമ | |
| നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിഹാബിലിറ്റേഷൻ ട്രെയിനിംഗ് ആന്റ് റിസർച്ച്, ഇലത്തൂർ പി. ഒ., ബയിറോയി ഡിസ്ട്രിക്ട്, കട്ടക് (ഒറീസ്സ) | പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് എൻജിനീയറിംഗ് ഡിപ്ളോമ (രണ്ടു വർഷം) | ഡിപ്ളോമ | |
| ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ, ഹാജി അലി, ഖാദ്യേമാർഗ്ഗ്, മഹാലക്ഷ്മി, ബോംബെ-400 034 | ബി. എസ്സി. (പി. ആന്റ് ഒ.) | ഡിഗ്രി | |
| സ്കൂൾ ഓഫ് പ്രോസ്തെറ്റിക്സ് ആന്റ് ഓർത്തോട്ടിക്സ്, കെ. കെ. നഗർ, മദ്രാസ്-600 083 | പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക്സ് എൻജിനീയറിംഗ് ഡിപ്ളോമ (രണ്ടു വർഷ കാലാവധി) | ഡിപ്ളോമ | |

| (1) | (2) | (3) | (4) |
|---|---|---|---|
| ഷീഫെലിൻ ലെപ്രസി റിസർച്ച് ആൻറ് ട്രെയിനിംഗ് സെന്റർ കാരിഗിരി, എസ്. എൽ. ആർ. സാനിട്ടോറിയം പി. ഒ., നോർത്ത് ആർക്കോട്ട് ഡിസ്ട്രിക്റ്റ്, (സൗത്ത് ഇൻഡ്യ) | പ്രോസ്തെററിക് ടെക്നീഷ്യൻ കോഴ്സ് (18 മാസം) | ഡിപ്ളോമ | |

## II. ആഡിയോളജിസ്റ്റുകളും സ്പീച്ച് തെറാപ്പിസ്റ്റുകളും

| | | | |
|---|---|---|---|
| ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്, മാനസ ഗംഗോത്രി, മൈസൂർ-576 006 | ബി. എസ്സി. സ്പീച്ച് ആന്റ് ഹിയറിംഗ് (3 വർഷ കാലാവധി) | ഡിഗ്രി | |
| അലി യാവർ ജംഗ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ഹിയറിംഗ് ഹാന്റിക്യാപ്ഡ്, ബാന്ദ്ര (വെസ്റ്റ്), ബോംബെ-400 050 | ബി. എസ്സി. (എ. ആന്റ് എസ്. റ്റി.) (3 വർഷ കാലാവധി) | ഡിഗ്രി | |
| പോസ്റ്റ് ഗ്രാഡുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, ചണ്ഡിഗർ-160 012 | ബി. എസ്സി. (സ്പീച്ച് ആന്റ് ഹിയറിംഗ്) (3 വർഷ കാലാവധി) | ഡിഗ്രി | |
| ടോപിവാലാ നാഷണൽ മെഡിക്കൽ കോളേജ് ആന്റ് ബി. വൈ. എൽ. നായർ ചാരിറ്റബിൾ ഹോസ്പിറ്റൽ ഡോ. എ. എൽ. നായർ റോഡ്, ബോംബെ-400 008 | ഡിപ്ളോമാ ഇൻ ഓഡിയോളജി ആന്റ് സ്പീച്ച് തെറാപ്പി (ബി. എസ്സി.) | ഡിപ്ളോമ | |
| ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, അൻസാരി നഗർ, ന്യൂഡൽഹി | ബി. എസ്സി. (ഓണേഴ്സ്) ഇൻ സ്പീച്ച് ആന്റ് ഹിയറിംഗ് | ഡിഗ്രി | |

## III. വികലാംഗർക്കുള്ള സ്പെഷ്യൽ സ്കൂളുകളിലെയും ഇന്റഗ്രേറ്റഡ് സ്കൂളുകളിലെയും അദ്ധ്യാപകർ

| | | | |
|---|---|---|---|
| ശ്രീ. കെ. എൽ. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ഡെഫ്, 51, വിദ്യ നഗർ ഭവനഗർ, 364 002 (ഗുജറാത്ത്) | ടീച്ചേഴ്സ് ട്രെയിനിംഗ് ഫാർ ദി ഡെഫ് (1 വർഷ കാലാവധി) | ഡിപ്ളോമ | |

| (1) | (2) | (3) | (4) |
|---|---|---|---|
| ദി എഡ്യുക്കേഷണൽ ഓഡിയോളജി ആന്റ് റിസർച്ച് സെന്റർ സ്കൂൾ ഫോർ ദി ഡെഫ് "പോനം", 67, നേപിയൻ സീ റോഡ്, ബോംബെ-400 006 | സർട്ടിഫിക്കറ്റ് കോഴ്സ് ഫോർ ടീച്ചേഴ്സ് ഓഫ് ദി ഡെഫ് (10 മാസ കാലാവധി) | സർട്ടിഫിക്കറ്റ് | |
| വി. ആർ. റുയിയ മൂക-ബധിര വിദ്യാലയം, പൂന-30 | ടീച്ചേഴ്സ് ട്രെയിനിംഗ് ഡിപ്ളോമ കോഴ്സ് ഫോർ ഡെഫ് സ്റ്റുഡൻസ് (1 വർഷ കാലാവധി) | ഡിപ്ളോമ | |
| ലിറ്റിൽ ഫ്ളവർ കോൺവന്റ് ഹയർ സെക്കന്ററി സ്കൂൾ ഫോർ ദി ഡെഫ്, 127, ജി. എൻ. റോഡ്, കത്തീഡ്രൽ പി. ഒ., മദ്രാസ്-600 006 | (i) ജൂനിയർ ഡിപ്ളോമ ഇൻ ടീച്ചിംഗ് ദി ഡെഫ് | ഡിപ്ളോമ | |
| | (ii) സീനിയർ ഡിപ്ളോമ ഇൻ ടീച്ചിംഗ് ദി ഡെഫ് (10 മാസ കാലാവധി) | ഡിപ്ളോമ | |
| ദി ബ്ളൈൻഡ് റിലീഫ് അസോസിയേഷൻ, ലാൽബഹാദൂർ ശാസ്ത്രി മാർഗ്, ന്യൂ ഡൽഹി-110 003 | വൺ ഇയർ ഡിപ്ളോമ കോഴ്സ് ഫോർ ട്രെയിനിംഗ് ഓഫ് ദി ടീച്ചേഴ്സ് ഓഫ് ദി ബ്ളൈൻഡ് | ഡിപ്ളോമ | |
| ദി ക്ളാർക്ക് സ്കൂൾ ഫോർ ദി ഡെഫ്, "സാധന" നമ്പർ 3, തേർഡ് സ്ട്രീറ്റ്, ഡോ. രാധാകൃഷ്ണൻ റോഡ്, മൈലാപ്പൂർ, മദ്രാസ്-600 004 | (i) ടീച്ചേഴ്സ് ട്രെയിനിംഗ് ഫോർ ദി ഡെഫ് | ഡിപ്ളോമ | |
| | (ii) ടീച്ചേഴ്സ് ട്രെയിനിംഗ് ഫോർ ദി മെന്റലി റിട്ടാർഡഡ് | ഡിപ്ളോമ | |
| രാമകൃഷ്ണമിഷൻ, ബ്ളൈൻഡ് ബോയ്സ് അക്കാഡമി, ഹരേന്ദ്രപൂർ-743 508, വെസ്റ്റ് ബംഗാൾ | (i) ഇൻസർവീസ് പ്രൈമറി ലെവൽ ടീച്ചേഴ്സ് ഓഫ് ദി വിഷ്വലി ഹാൻഡിക്കാപ്ഡ് (18 മാസ കാലാവധി) | ഡിപ്ളോമ | |
| | (ii) സെക്കന്ററി ലെവൽ ടീച്ചേഴ്സ് ഓഫ് ദി വിഷ്വലി ഹാൻഡിക്കാപ്ഡ് (10 മാസ കാലാവധി) | ഡിപ്ളോമ | |
| ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഫോർ ദി ബ്ളൈൻഡ്, പൂനമല്ലി, മദ്രാസ്-600 056 | (i) ഡിപ്ളോമ ഇൻ ടീച്ചിംഗ് ദി ബ്ളൈൻഡ് (6 മാസം സ്കൂളിലൂടെയും 12 മാസം കറസ്പോണ്ടൻസിലൂടെയും) | ഡിപ്ളോമ | |

| (1) | (2) | (3) | (4) |
|---|---|---|---|
| | (ii) സ്പെഷ്യൽ എക്സാമിനേഷൻ ഇൻ ടീച്ചിംഗ് ദി ബ്ളൈൻഡ് (10 മാസ കോഴ്സ്) | സർട്ടിഫിക്കറ്റ് | |
| അലി യാവർ ജംഗ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ഹിയറിംഗ് ഹാൻഡിക്കാപ്ഡ്, ബാന്ദ്ര (വെസ്റ്റ്), ബോംബെ-400 050 | (i) ബി. എഡ്. (ഡെഫ്) | പി. ജി. ഡിപ്ളോമ | |
| | (ii) ഡി. എഡ്. (ഡെഫ്) പ്രാദേശിക ഭാഷകളിൽ | ഡിപ്ളോമ | |

## IV. മൾട്ടി പർപ്പസ് റിഹാബിലിറ്റേഷൻ തെറാപ്പിസ്റ്റുകൾ/ ടെക്നീഷ്യൻമാർ/അസിസ്റ്റന്റ്/വർക്കർ

| (1) | (2) | (3) | (4) |
|---|---|---|---|
| ഡിപ്പാർട്ട്മെന്റ് ഓഫ് റിഹാബിലിറ്റേഷൻ, സഫ്ദർജംഗ് ഹോസ്പിറ്റൽ, ന്യൂ ഡൽഹി-110 029 | വൺ ഇയർ സർട്ടിഫിക്കറ്റ് കോഴ്സ് ഫോർ മൾട്ടി റിഹാബിലിറ്റേഷൻ വർക്കർ | സർട്ടിഫിക്കറ്റ് | |

## V. വൊക്കേഷണൽ കൗൺസലേഴ്സ്

| (1) | (2) | (3) | (4) |
|---|---|---|---|
| നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ്, ശ്രീ അരബിന്ദോ മാർഗ്, ന്യൂ ഡൽഹി-110 016 | ഡിപ്ളോമ കോഴ്സ് ഇൻ എഡ്യൂക്കേഷണൽ ആന്റ് വൊക്കേഷണൽ ഗൈഡൻസ് (9 മാസ കാലാവധി) | ഡിപ്ളോമ | |
| ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ, ഹാജി അലി, ഖാദ്യേ മാർഗ്, മഹാലക്ഷ്മി, ബോംബെ-400 034 | പി. ജി. ഡി. ആർ. (വൊക്കേഷണൽ ഗൈഡൻസ്) | ഡിപ്ളോമ | |

## VI. ഡിപ്ളോമ ഇൻ കമ്മ്യൂണിക്കേഷൻ ഡിസോർഡേഴ്സ്

| (1) | (2) | (3) | (4) |
|---|---|---|---|
| അലി യാവർ ജംഗ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ഹിയറിംഗ് ഹാൻഡിക്യാപ്ഡ്, ബാന്ദ്ര (വെസ്റ്റ്), ബോംബെ-400 050 | ഡിപ്ളോമ ഇൻ കമ്മ്യൂണിക്കേഷൻസ് ഡിസോർഡേഴ്സ് (ഒരു വർഷ കാലാവധി) | ഡിപ്ളോമ | |